**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1883** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റേഡിയങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ എം.എൽ.എ. ഫണ്ടിൽ നിന്നും അനുമതി ലഭ്യമായ പള്ളിച്ചൽ പഞ്ചായത്ത് സ്റ്റേഡിയം, മലയിൻകീഴ് പഞ്ചായത്ത് സ്റ്റേഡിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജക മണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥല പരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കാട്ടാക്കട മണ്ഡലത്തിലെ എം.എൽ.എ ഫണ്ടിൽ നിന്നും അനുമതി ലഭ്യമായ പള്ളിച്ചൽ പഞ്ചായത്ത് സ്റ്റേഡിയം, മലയിൻകീഴ് പഞ്ചായത്ത് സ്റ്റേഡിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി വിവരം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്ന് സ്റ്റേഡിയങ്ങളുടെ നവീകരണത്തിനായി ഏത് പഞ്ചായത്ത് സ്റ്റേഡിയത്തെയാണ് തെരഞ്ഞെടുത്തത്; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) | ആദ്യഘട്ടത്തിലുള്ള കളിസ്ഥലങ്ങൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിലവിലെ സ്ഥിതി | പൂർത്തീകരണ തീയതി |
|---|---|---|---|---|
| 1 | പള്ളിച്ചൽ പഞ്ചായത്തിലെ കുളങ്ങരക്കോണം കളിസ്ഥല നവീകരണ പ്രവൃത്തി | 42.71 ലക്ഷം | 90% നിർമ്മാണ നവീകരണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് കഴിഞ്ഞു. 2021-ലെ കാലവർഷത്തെ തുടർന്ന് തകർന്ന റീടെയിനിംഗ് വാളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു | 30.04.2022 |
| 2 | മലയിൻകീഴ് പഞ്ചായത്തിലെ വലിയറത്തല കളിസ്ഥല നവീകരണ പ്രവൃത്തി | 26.23 ലക്ഷം | 20% നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞു | 30.04.2022 |